"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - PM-JANMAN പദ്ധതിയുടെ കേന്ദ്ര -സംസ്ഥാന വിഹിതം- 2025-26 വർഷത്തിലെ ട്രാഞ്ചെ 1- ഒന്നാം ഗഡു അനുവദിച്ചു കൊണ്ടും തുക സ്റ്റേറ്റ് നോഡൽ ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റുവാൻ ഗ്രാമ വികസന കമ്മീഷണറെ ചുമതലപ്പെടുത്തിയും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി ഇ)വകുപ്പ്**

സ.ഉ.(സാധാ) നം.350/2026/LSGD തീയതി,തിരുവനന്തപുരം, 09-02-2026

---

പരാമർശം:-
1. കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ 02.12.2025 ലെ J-12023/2/2025-RH-Accts നമ്പർ കത്ത്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 08.12.2025, 23.12.2025 തീയതികളിലെ LSGD/PD/69320/2023-CSSA1 നമ്പർ കത്തുകൾ

3 GO(Rt)No. 784/2026/Fin തീയതി 27.01.2026

4 GO(Rt)No. 785/2026/Fin തീയതി 27.01.2026

**ഉത്തരവ്**

PM-JANMAN പദ്ധതിയുടെ 2025-26 വർഷത്തിലെ ട്രാഞ്ചെ 1-ൻറെ ഒന്നാം ഗഡുവായ കേന്ദ്രവിഹിതം 4,70,15,750/- രൂപ (നാല്പ കോടി എഴുപത് ലക്ഷത്തി പതിനയ്യായിരത്തി എഴുന്നൂറ്റി അൻപത് രൂപ മാത്രം) പരാമർശം 1 പ്രകാരം അനുവദിച്ചിരുന്നു. ലഭ്യമായ കേന്ദ്ര വിഹിതമായ 4,70,15,750/- രൂപയുടെ ആനുപാതിക സംസ്ഥാന വിഹിതമായി 3,13,43,833/- രൂപ സംസ്ഥാന സർക്കാർ ബജറ്റിൽ വകയിരുത്തി അനുവദിക്കേണ്ടതുണ്ട്.

2) PM-JANMAN പദ്ധതിയ്ക്കായുള്ള ശീർഷകങ്ങളിൽ 2025-26 ബജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ 2025-26 ബഡ്ജറ്റിൽ, 2501-06-197-48-(28), (29) ശീർഷകങ്ങളിൽ വകയിരുത്തിയിട്ടുള്ള തുക റീ -അപ്പ്രോപ്രിയേഷൻ മുഖേന യഥാക്രമം 2501-06-

796-95 (01), (02) എന്നീ ശീർഷകങ്ങളിലേക്ക് അനുവദിക്കുകയും അഡിഷണൽ ഓതറൈസേഷൻ വഴി ബാക്കി ആവശ്യമായ തുക ബന്ധപ്പെട്ട ശീർഷകങ്ങളിലേക്ക് നൽകിയും 2025-26 വർഷത്തിലെ ട്രാഞ്ചെ 1-ന്റെ ഒന്നാം ഗഡുവായ കേന്ദ്രവിഹിതം 4,70,15,750/- രൂപയും ആനുപാതിക സംസ്ഥാന വിഹിതം 3,13,43,833/- രൂപയും അനുവദിക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം - 2 പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി. PM-JANMAN പദ്ധതിക്കായി റീ -അപ്പ്രോപ്രിയേഷൻ മുഖേന 5,00,00,000/ രൂപയും, അഡിഷണൽ ഓതറൈസേഷൻ 2,83,60,000/ രൂപയും ബന്ധപെട്ട ശീർഷകങ്ങളിലേക്ക് പരാമർശം 3, 4 ഉത്തരവുകളിലൂടെ അനുവദിക്കുകയുണ്ടായി.

3) മേൽസാഹചര്യത്തിൽ PM-JANMAN ഭവന പദ്ധതിയുടെ 2025-26 വർഷത്തിലെ ട്രാഞ്ചെ 1-ന്റെ ഒന്നാം ഗഡുവായ കേന്ദ്രവിഹിതം 4,70,15,750/- രൂപയും ആനുപാതിക സംസ്ഥാന വിഹിതം 3,13,43,833/- രൂപയും ഉൾപ്പെടെ ആകെ **7,83,59,583 /-** (ഏഴ് കോടി എൺപത്തിമൂന്ന് ലക്ഷത്തി അൻപത്തിയൊൻപതിനായിരത്തി അഞ്ഞൂറ്റി എൺപത്തിമൂന്ന് രൂപ മാത്രം) ചുവടെ ചേർക്കും പ്രകാരം അനുവദിച്ചു കൊണ്ടും, PM-JANMAN ന്റെ സ്റ്റേറ്റ് നോഡൽ ബാങ്ക് അക്കൗണ്ട് (SBI തിരുവനന്തപുരം മെയിൻ ശാഖ അക്കൗണ്ട് നമ്പർ : 43045102116, IFSC - SBIN0070028 ) മാറ്റുവാൻ ഗ്രാമ വികസന കമ്മീഷണറെ ചുമതലപ്പെടുത്തിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

| **തുക അനുവദിക്കേണ്ട ശീർഷകം** | **കേന്ദ്ര വിഹിതം** | **സംസ്ഥാന വിഹിതം** | **ആകെ** |
|---|---|---|---|
| 2501-06-796-95(01) | 4,70,15,750/- | - | 4,70,15,750/- |
| 2501-06-796-95(02) | - | 3,13,43,833 | 3,13,43,833 |
| **ആകെ** | **4,70,15,750 /-** | **3,13,43,833 /-** | **7,83,59,583 /-** |

| | | | |
|---|---|---|---|
| | [illegible] | | |

ശീർഷകങ്ങളിൽ അധികമായി അനുവദിച്ചിരിക്കുന്ന തുകകൾ ഗ്രാന്റിലുള്ള സേവിങ്സ് തുക reappropriation / എസ് ഡി ജി മുഖാന്തരം ക്രമീകരിക്കുന്നതിനുള്ള നടപടികൾ സമയബന്ധിതമായി ബന്ധപ്പെട്ട കണക്കു ശീർഷകത്തിന്റെ ചുമതലയുള്ള കൺട്രോളിങ് ഓഫീസർ നിലവിലുള്ള സാമ്പത്തിക വർഷം പൂർത്തിയാകുന്നതിനു മുൻപായിത്തന്നെ സ്വീകരിക്കേണ്ടതുമാണ് എന്ന് നിർദേശിച്ചും ഉത്തരവാകുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ /ഓഡിറ്റ്),കേരള,തിരുവനന്തപുരം
ധനകാര്യ വകുപ്പ്[3382147/ DEV-2/8/2026-FIN dated 31-01-2026]പ്രകാരം
ഇൻഫർമേഷൻ ഓഫീസർ,വെബ്&ന്യൂ മീഡിയ ,ഐ.&പി.ആർ.ഡി.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by Sheeba. S. C
Date: 10-02-2026 12:40:51

സെക്ഷൻ ഓഫീസർ